**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1779** **12-09-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കൃഷിഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ കൃഷിഭവൻ സ്മാർട്ട് കൃഷിഭവനായി ഉയർത്തുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | സംസ്ഥാന വാർഷിക പദ്ധതിയിലുൾപ്പെടുത്തി ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ കൃഷിഭവൻ സ്മാർട്ട് കൃഷിഭവനായി ഉയർത്തുന്നതിലേയ്ക്കായി പരവൂർ കൃഷിഭവൻ പ്രവർത്തിച്ചുവന്നിരുന്ന പഴയ കെട്ടിടം പൂർണ്ണമായും പൊളിച്ചു നീക്കുകയും പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ പ്രവർത്തികൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ മുഴുവൻ കൃഷിഭവനുകളും അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ഭരണാനുമതിയ്ക്കായി കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർ തയാറാക്കി സമർപ്പിച്ച പദ്ധതിയും എസ്റ്റിമേറ്റും (ഫയൽ നം. റ്റി.എ -1 - 6372/21) സംബന്ധിച്ച തുടർ നടപടികളിലെ പുരോഗതി വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത മണ്ഡലത്തിലെ മുഴുവൻ കൃഷിഭവനുകളും അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഭരണാനുമതിയ്ക്കായി കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർ 21/08/2023-ൽ പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ